ഉത്തരം

(എ) ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിൽനിന്നും പരാതി ലഭിച്ചിട്ടുണ്ട്.

(ബി) പി. എച്ച്.സി. യിലെ മെഡിക്കൽ ആഫീസർ ഇൻചാർജും ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സും പങ്കെടുത്തിട്ടുണ്ട്.

(സി) ഇല്ല.

കൊടുങ്ങല്ലൂർ പെരിഞ്ഞനം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഒഴിഞ്ഞ തസ്തികകളിലേയ്ക്ക് നിയമനം

213 (215) പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുങ്ങല്ലൂർ പെരിഞ്ഞനം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ നിലവിലുള്ള ഒഴിഞ്ഞ തസ്തികകളിലേയ്ക്ക് നിയമനം നടത്തണമെന്ന് ആവശ്യപ്പെട്ട നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ടി നിവേദനത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(സി) ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിലേയ്ക്ക് ആവശ്യമായ ജീവനക്കാരെ ഉടൻതന്നെ നിയമിക്കുന്നതിനുവേണ്ടി കർശന നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുമോ ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലാ മെഡിക്കൽ ആഫീസർക്ക് നിവേദനം ലഭിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

(ബി&സി) ഇതനുസരിച്ച് പെരിഞ്ഞനം പി.എച്ച്.സി. യിൽ ഒഴിഞ്ഞുകിടന്നിരുന്ന ഫാർമസിസ്റ്റ് തസ്തിക, കോൺട്രാക്ട് അടിസ്ഥാനത്തിൽ നികത്തുകയുണ്ടായി. കൂടാതെ ഒരു പ്യൂണിന്റെ ഒഴിവുണ്ടായിരുന്നത് നികത്തിയിട്ടുണ്ട്.

പരിയാരം മെഡിക്കൽ കോളേജിന് ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം

214 (216) ശ്രീ. പി. ജെ. ജോയി : : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിയാരം മെഡിക്കൽ കോളേജിന് ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിച്ചുവോ ; ലഭിച്ചുവെങ്കിൽ എന്ന് ;

(ബി) ഇല്ലാത്തപക്ഷം അതിനുള്ള കാരണമെന്തെന്ന് പറയുമോ ;

(സി) പരിയാരം മെഡിക്കൽ കോളേജിന്റെ ബിരുദം അംഗീകരിക്കരുതെന്ന് ഇന്ത്യൻ മെഡിക്കൽ കൗൺസിൽ കേന്ദ്ര ആരോഗ്യ വകുപ്പിന് ശുപാർശ നൽകിയിട്ടുണ്ടോ ;

(ഡി) എങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly